# ജമാഅത്തെ ഇസ്‌ലാമിയും
# തീവ്രവാദത്തിന്റെ വേരും

“ലോക സാമൂഹികഘടനയെ അടിയോടെ നശിപ്പിച്ച് പകരം
സ്വന്തം ആദർശങ്ങൾക്കും കർമ്മപദ്ധതികൾക്കും അനുരൂപമായവ
പുനഃസംവിധാനിക്കേണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. ഇസ്‌ലാം ഉന്നംവെക്കുന്ന
പരിവർത്തനം സുസാധ്യമാക്കുവാൻ വേണ്ടി ഇസ്‌ലാം തന്നെ രൂപം കൊടുക്കുകയും അണി
നിരത്തുകയും ചെയ്ത രാഷ്ട്രാന്തരീയ വിപ്ലവസംഘടനയുടെ പേരാണ് മുസ്‌ലിം എന്ന്
വ്യക്തമാകുന്നു. അപ്പോൾ ഇസ്‌ലാം ഉന്നം വെക്കുന്ന പ്രസ്തുത ലക്ഷ്യങ്ങളുടെ
പൂർത്തീകരണത്തിനായുള്ള നിരന്തര പ്രയത്നത്തിനാണ്, പരിവർത്ത
നത്തിനുവേണ്ടിയുള്ള പോരാട്ടത്തിനാണ് ജിഹാദ്
എന്ന് പറയുക.”
(ജിഹാദ്, അബുൽ അഅ്‌ല മൗദൂദി, ഐ. ഐ.എഫ്.എസ്.ഒ, പേ. 8)

“ഇതല്ലാത്ത ആദർശത്തിലും പദ്ധതിയിലും അധിഷ്ഠിതമായ മുഴുവൻ
ഭരണകൂടങ്ങളേയും ഇസ്‌ലാം എതിർക്കുന്നു. അവയെ പൂർണ്ണമായും നശിപ്പിക്ക
ണമെന്ന് അതാഗ്രഹിക്കുന്നു. ഭരണം നടത്തുന്നത് ആരെന്നൊ ഗവൺമെന്റ്
ഏതെന്നൊ ഇവിടെ പ്രശ്നമല്ല. ഇസ്‌ലാമിന്റെ ലക്ഷ്യം അതിന്റെ
ആദർശത്തിന്റെ ഉന്നമനമാണ്. ദൈവിക വ്യവസ്ഥയുടെ
വ്യാപനമാണ്. ഈ ആദർശത്തിന്റെയും പദ്ധതിയു
ടേയും അടിസ്ഥാനത്തിലുള്ള ഭരണകൂടങ്ങളുടെ
സംസ്ഥാപനമാണ്.”
(ജിഹാദ്, മൗദൂദി, ഐ. ഐ. എഫ്. എസ്. ഒ, പേ. 9)

“ഇപ്രകാരം തന്നെ അക്രമത്തിലും അനീതിയിലും
അധിഷ്ഠിതമായ വ്യവസ്ഥിതികളെ ആയുധമുപയോഗിച്ച്
നശിപ്പിക്കലും നീതിയുടേയും ന്യായത്തിന്റേയും അടിസ്ഥാന
ത്തിലുള്ള പുതിയ വ്യവസ്ഥിതി സംസ്ഥാപിക്കലും ജിഹാദിന്റെ
ഇനങ്ങളിൽപെടുന്നു.”
(ജിഹാദ്, മൗദൂദി, ഐ. ഐ. എഫ്. എസ്. ഒ, പേ. 9, 10)

കബീർ എം. പറളി

സാഹചര്യങ്ങളേയും താത്പര്യങ്ങളേയും മുന്നിൽ നിർത്തി പ്രോഗ്രാമുകളും പോളിസികളും നാഴികതോറും മാറ്റിവരക്കുന്ന ഭൗതിക പ്രസ്ഥാനങ്ങൾ ഭൂമിമലയാളത്തിലെമ്പാടുമുണ്ട്. അവർക്കിടയിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ലാതെ നിലകൊള്ളുന്ന ഒരു 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാന'മാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി. ഇന്ത്യൻ ഭരണകൂടം ത്വാഗൂത്താണെന്നും അതിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കുന്നത് ശിർക്കാണെന്നും തങ്ങളുടെ പോളിസീ പ്രോഗ്രാമുകളിൽ രേഖപ്പെടുത്തി, അംഗങ്ങളേയും അനുഭാവികളേയും എഴുതിപ്പഠിപ്പിച്ച ഒരു കാലം ജമാഅത്തിനുണ്ടായിരുന്നു. വോട്ടുചെയ്യലും ഭൗതിക രാഷ്ട്രീയപ്പാർട്ടികളെ തെരഞ്ഞെടുപ്പുകളിൽ പിന്താങ്ങലും നിഷിദ്ധമെന്ന് പ്രഖ്യാപിച്ചു നടന്ന ചരിത്രവും ഈ പ്രസ്ഥാനത്തിനുണ്ട്. അടിയന്തരാവസ്ഥയും തടവറയുമാണ് പ്രസ്തുത പോളിസീ പ്രോഗ്രാമുകളിൽ തിരുത്ത് വരുത്താൻ അവരെ പ്രേരിപ്പിച്ചത്.

നിലവിൽ, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശാടിത്തറ ജീർണ്ണമാണ്. അതിന്റെ ആചാര്യൻ അബുൽ അഅ്‌ലാ മൗദൂദീ സാഹിബിന്റെ ആശയങ്ങളും തത്വങ്ങളും തങ്ങളുടെ ഷെൽഫുകളിൽ പൊതറുപിടിച്ചു കിടക്കുകയാണ്. 'പരിഷ്കരണമല്ല പുനർനിർമ്മാണ'മാണ് എന്റേത് എന്ന് പ്രഖ്യാപിക്കുകയും, പുതിയ കല്ലും മണ്ണുമുപയോഗിച്ച് ഇസ്‌ലാമിക സിദ്ധാന്തങ്ങളെ പുതുക്കിപ്പണിയാൻ അധ്വാനിക്കുകയും ചെയ്ത മൗദൂദീ സാഹിബിന്റെ അനുയായികൾ, അദ്ദേഹത്തിന്റെ ആദർശത്തെതന്നെ തച്ചുടച്ച് പുതുക്കിപ്പണിത ചിത്രമാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളത്.

**ചോദ്യം:** എന്തുകൊണ്ടാണിത്?

**ഉത്തരം:** കാരണങ്ങൾ ഒരുപാടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയിപ്പോൾ തീവ്രവാദ പ്രസ്ഥാനങ്ങൾക്കെതിരിൽ വിശിഷ്യാ, കേരളത്തിലെ എൻ. ഡി. എഫിനെതിരിൽ പ്രത്യക്ഷ ജിഹാദിലേർപ്പെട്ടിരിക്കുകയാണ്. ജമാഅത്തു തന്നെ ഒരു രാഷ്ട്രീയപ്പാർട്ടിയായി രൂപമാറ്റം നടത്തുകയൊ, അതിന്റെ കീഴിൽ ഒരു രാഷ്ട്രീയപ്പാർട്ടി തട്ടിപ്പടക്കുകയൊ ചെയ്യാനുള്ള അടുക്കളപ്പണിയിലായിരുന്ന ഘട്ടത്തിലാണ് എൻ. ഡി. എഫിന്റെ വരവും വളർച്ചയും. കാർകൂനുകളിൽ നിന്നും, മുത്തഫിക്കുകളിൽ നിന്നുമൊക്കെ, പ്രസ്ഥാനസാഹിത്യം വായിക്കുക എന്ന പണി മാത്രം കൈമുതലായുള്ള ആളുകൾ എൻ.ഡി.എഫിന്റെ അണിയിലേക്കെത്തിയപ്പോൾ ജമാഅത്തിന് നേരം വെളുക്കുകയായിരുന്നു. മേധാദീതിക്കും മയിലമ്മക്കും ഗ്രോവാസുവിനുമൊക്കെ ജയ്‌വിളിപ്പിച്ച് വളർത്തി വലുതാക്കപ്പെടുന്ന കാർക്കൂൻ മുത്തഫിക്ക് മെമ്പർമാർ ഇനിയും കൊഴിഞ്ഞു പോയിക്കൂടാ എന്ന ചിന്തയിൽ നിന്നാണ് ജമാഅത്തിന്റെ പുതിയ പടയൊരുക്കവും പോരാട്ടവും. സംഭവകാലത്ത് മൗദൂദിക്കും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനുമിടയിൽ സംഭവിച്ചിട്ടുള്ള ബലക്ഷയം പരിശോധിക്കുന്നത് എന്തുകൊണ്ടും ഇന്ത്യൻ മുസ്‌ലിംകൾക്ക് ഉപകാരപ്പെടും.

**ചോദ്യം:** തീവ്രവാദസംഘങ്ങൾക്കെതിരിലുള്ള ജമാഅത്തിന്റെ പുതിയ ശൈലികളെന്തൊക്കെയാണ്?

**ഉത്തരം:** ജമാഅത്തെ ഇസ്‌ലാമി ആദർശതലത്തിൽ തീവ്രവാദത്തിനെതിരു നിൽക്കുന്ന ഒരു പ്രസ്ഥാനമാണെങ്കിൽ, അതിനെതിരിൽ അവർ നിർബന്ധമായും സ്വീകരിക്കേണ്ട ശൈലിയല്ല ഇന്ന് സ്വീകരിച്ചിട്ടുള്ളത്. ഇറക്കുമതി ഫത്‌വകളെയാണ് അതിനുവേണ്ടി അവർ സ്വീകരിച്ചത്. ഇന്ത്യയിലെ സായുധപ്രതിരോധ ദാഹികളായ സംഘങ്ങൾക്കെതിരിലുള്ള, പണ്ഡിതന്മാരുടെ ഫത്‌വകളാലും രചനകളാലും സമ്പന്നമാണ് ജമാഅത്തിന്റെ മുഖപത്രമായ പ്രബോധനം. ഖത്തർ മുഫ്തിയും ഇഖ്‌വാനുൽ മുസ്‌ലിമൂനിന്റെ നിലവിലെ ബുദ്ധിയുമായ യൂസുഫുൽ ഖറദാവിയുടെ 'ഇന്ത്യയിൽ സായുധ പ്രതിരോധം അനുവദനീയമല്ല' (പ്രബോധനം, 2007 മാർച്ച് 3), ലബനനിലെ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ മുഖ്യകാര്യദർശിയായ ശൈഖ് ഫൈസൽ മൗലവിയുടെ 'ഇന്ത്യയിൽ സായുധപ്രതിരോധം അനാവശ്യം' (പ്രബോധനം, 2007 ഏപ്രിൽ 14) എന്നീ ലേഖനങ്ങൾ തീവ്രവാദത്തിനും, സായുധപ്രതിരോധത്തിനുമെതിരെ വെളിച്ചംകണ്ട ഫത്‌വകളാണ്.

സത്യത്തിൽ ഇത്തരം ഫത്‌വകൾ -ആവശ്യമായിരുന്നുവെങ്കിൽ- പ്രബോധനത്തിന്റെ പേജുകളിൽ എത്രയോ വർഷങ്ങൾക്കു മുമ്പ് തന്നെ അച്ചടിച്ചു വരേണ്ടവയായിരുന്നു. വളരെ വൈകിയെത്തിയ ഈ വിവേകം ആരെയോ ഭയന്നോ, എന്തോ ലക്ഷ്യംവെച്ചോ കാശു കൊടുത്തു വാങ്ങിയ പുതിയതരം പ്രതിരോധം എന്നതിലപ്പുറം, ജമാഅത്തിനെ പഠിച്ചവർക്ക് ഈ ഫത്‌വകളെ വിലയിരുത്താനുണ്ടാകില്ല.

''ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവൊ, ഏതൊന്നിന്റെ നിയമം അനുഷ്ഠാനത്തിലുണ്ടൊ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ച് ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരിക്കുന്നുവൊ അതത്രെ സാക്ഷാൽ ദീൻ. ആകയാൽ ഓരോ ദീനിന്റേയും പ്രകൃതിതന്നെ തേടുന്നത് അതിന് ഭരണം ലഭിക്കണമെന്നാണ്.''

(ഖുതുബാത്ത്: 16 ാം പതിപ്പ്, പേ. 289)

**ചോദ്യം:** എൻ.ഡി.എഫിനെ ഭയക്കാൻ മാത്രം ജമാഅത്തിന്റെ മുന്നിൽ അവരുയർത്തുന്ന ഭീഷണിയെന്താണ്?

**ഉത്തരം:** കേരളത്തിലെ എൻ.ഡി.എഫ് രഹസ്യമായൊ പരസ്യമായൊ അംഗീകരിക്കുന്ന സത്യങ്ങളിലൊന്ന് അതിന്റെ നിലപാടുകളുടെ വേരുകൾ മൗദൂദീ സാഹിബിന്റെ ആദർശങ്ങളിലും തത്വങ്ങളിലും ആഴ്ന്നു കിടക്കുന്നു എന്നതാണ്. അതുകൊണ്ടുതന്നെ, കേരളത്തിലെ മറ്റേതൊരു മത സംഘടനയേക്കാളും ജമാഅത്തെ ഇസ്‌ലാമിക്ക് തലവേദന സൃഷ്ടിക്കാൻ പോന്ന സംഘം എൻ.ഡി.എഫു തന്നെ. ഇപ്പോൾ പോപ്പുലർ ഫ്രണ്ട് എന്ന പേരിൽ രാഷ്ട്രീയപ്പാർട്ടിയായി രൂപഭ്രംശം വന്നിട്ടുണ്ടെങ്കിലും അതിന്റെ അടിസ്ഥാനസ്വഭാവം മാറുക അസാധ്യമാണല്ലൊ? മൗദൂദീ സാഹിബ് വിഭാവനം ചെയ്ത ഹുകൂമത്തെ ഇലാഹിയെ (ദൈവിക ഭരണകൂട നിർമ്മാണം) ഏട്ടിലെ പശുക്കളായി ആധുനിക ജമാഅത്തു നേതൃത്വം ആലയിൽ കെട്ടിനിർത്തിയപ്പോൾ, ഒരു ചെറിയ സംഘമെങ്കിലും അവയിൽ നിന്നും ആശയും ആവേശവുമുൾക്കൊണ്ട് പ്രവർത്തിക്കാനിറങ്ങിയിരിക്കുകയാണ്. അവർ വായിച്ചു പഠിക്കുന്നത് മൗദൂദിയുടെ ഖുതുബാത്തും, ജിഹാദുമാണ്. അല്ലെങ്കിലും ജമാഅത്തിന്റെ ആദ്യകാല വിദ്യാർത്ഥിവിഭാഗമായിരുന്ന, വയസ്സന്മാരേക്കാൾ മൗദൂദീ സാഹിത്യം അല്പം കൂടുതൽ പഠിച്ചുപോയതിന്റെ പേരിൽ പിന്നീട് പുറത്താക്കപ്പെട്ട, 'സിമി' എന്ന സംഘടനയുടെ റിട്ടയേർഡ് നേതാക്കന്മാർ നയിക്കുന്ന ഒരു സംഘടനക്ക് ഖുതുബാത്തും, ജിഹാദുമല്ലാതെ

മറ്റെന്ത് വായിക്കാനും നടപ്പിലാക്കാനുമുണ്ട്? അതെ, വിഷയമതാണ്. എൻ.ഡി.എഫിന്റെ ആദർശക്കാതൽ തങ്ങളുടെ ആചാര്യന്റെ നിയമസംഹിതയായി ലോകമറിയുമ്പോഴുണ്ടാകുന്ന അങ്കലാപ്പ് ജമാഅത്തു നേതൃത്വത്തെ ഫത്‌വകൾക്ക് വേണ്ടി വിദേശ മുഫ്തികളെ സമീപിക്കേണ്ട ഗതികേടിലേക്ക് എത്തിച്ചിരിക്കുകയാണ്.

**ചോദ്യം:** ഡോ. യുസുഫുൽ ഖറദാവിയുടെയും ശൈഖ് ഫൈസൽ മൗലവിയുടേയും ഫത്‌വകളുടെ കാതലെന്താണ്?

**ഉത്തരം:** മേൽ പ്രസ്താവിക്കപ്പെട്ട രണ്ട് പണ്ഡിതരുടെ ഫത്‌വകളിലും ആവർത്തിക്കപ്പെട്ട പ്രധാന സംഗതി ഇസ്‌ലാമിലെ ജിഹാദാണ്. ഡോ. യുസുഫുൽ ഖറദാവി പറയുന്നു:

''ഒന്ന്, ശക്തിപ്രയോഗം അൽ ജമാഅത്തിന്റെ പ്രവർത്തനത്തിൽപ്പെട്ടതാണ്. അതിനാലാണ് നമ്മുടെ പണ്ഡിതന്മാർ പറഞ്ഞത്, ഇമാമിന്റെ അനുവാദമില്ലാതെ ജിഹാദില്ലെന്ന്. കാരണം കാര്യങ്ങൾ അരാജകത്വമാകാവതല്ല. സമൂഹത്തിനും ഉമ്മത്തിനും ബാധിക്കുന്ന അവസ്ഥയുണ്ടായിക്കൂടാ.'' (പ്രബോധനം, 2007 മാർച്ച് 3)

ശൈഖ് ഫൈസൽ മൗലവിയുടെ പ്രസ്താവന ഇങ്ങനെ: ''അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്, അന്ത്യ നാൾവരെ നിലനിൽക്കുന്ന നിർബന്ധബാധ്യതയാണ്. പക്ഷേ, ഭൂരിപക്ഷം പണ്ഡിതന്മാരും മദ്ഹബുകളും അഭിപ്രായപ്പെട്ടിട്ടുള്ളത് പോലെ, മുസ്‌ലിംകളുടെ ഇമാം മുഖേനയല്ലാതെ അത് നടപ്പിലാക്കാവതല്ല. അതിനാൽ ഏതെങ്കിലുമൊരു മുസ്‌ലിമിന്, ജിഹാദെന്നും പറഞ്ഞ് ആയുധമെടുക്കാനും ജനങ്ങളോട് യുദ്ധം ചെയ്യാനും അനുവാദമില്ല.'' (പ്രബോധനം 2007 ഏപ്രിൽ 14)

ഈ രണ്ട് ഫത്‌വകളും നമ്മെ തെര്യപ്പെടുത്തുന്നത്, ഇന്ത്യയിലെ തീവ്രവാദി സംഘങ്ങൾ ജിഹാദിനെ ദുരുപയോഗപ്പെടുത്തിയാണ് നിലകൊള്ളുന്നത് എന്നത്രെ! മൗദൂദി സാഹിബിന്റെ ആശയാദർശങ്ങളിൽ കെട്ടിപ്പടുക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമിക്ക് ഈ ഫത്‌വകളുമായി ജനമധ്യത്തിലിറങ്ങാൻ ധാർമ്മികമായി അവകാശമില്ലെന്നതാണ് നേര്.

**ചോദ്യം:** എന്ത് കൊണ്ട് അവകാശമില്ല? ഈ പണ്ഡിതന്മാരുടേതിന് വിരുദ്ധമായ വല്ലതും ജിഹാദിന്റെ വിഷയത്തിൽ മൗദൂദീ സാഹിബിനുണ്ടോ?

**ഉത്തരം:** തീർച്ചയായും ഉണ്ട്. അബുൽ അഅ്‌ലാ മൗദൂദിയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ആചാര്യൻ. അദ്ദേഹത്തിന്റെ തത്വങ്ങളും ആദർശവും അമരമെന്ന് വിശ്വസിക്കുന്നവരാണ് ജമാഅത്തു നേതൃത്വം. മൗദൂദീ സാഹിബ് ഇന്ത്യയിലെ ഇസ്‌ലാമിന്റെ പുനർനിർമ്മാണത്തിന്(?) പ്രഥമമായി ഉപയോഗിച്ചത് ഇസ്‌ലാമിലെ ജിഹാദിനെയാണ്. അതിന് ആദ്യമായി അദ്ദേഹമെഴുതിയ കൃതിയും ജിഹാദു തന്നെ. ജമാഅത്തെ ഇസ്‌ലാമി പുനഃപ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന മൗദൂദീ സാഹിബിന്റെ ഖുത്തുബാത്ത് പരിശോധിച്ചു നോക്കുക. അതിലെ 27 അധ്യായങ്ങളും വിരചിതമായിട്ടുള്ളത്, അതിന്റെ അവസാനത്തെ അധ്യായങ്ങളായ ജിഹാദ്, ജിഹാദിന്റെ പ്രാധാന്യം എന്നിവക്കു വേണ്ടിയാണ് എന്ന് കാണാനാകും.

പ്രസ്തുത രണ്ടു കൃതികളിലും മൗദൂദീ സാഹിബ് വരച്ചുവെച്ച ജിഹാദീ സങ്കൽപം ഡോ. ഖറദാവിയുടേയും ശൈഖ് ഫൈസലിന്റേയും പ്രസ്താവങ്ങളുമായി തീർത്തും ഭിന്നതപുലർത്തുന്നതാണ്. ആധുനിക ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മറ്റേതൊരു കാര്യത്തിലുമെന്നപോലെ ജിഹാദിന്റെ വിഷയത്തിലും മൗദൂദിയുടെ മൗലാനപ്പട്ടം ഖറദാവിക്ക് ചാർത്തിക്കൊടുക്കുന്നത് കാണുമ്പോൾ ആ സംഘടനയോട് സഹതാപം തോന്നുകയാണ്. ''മൗദൂദിയേ മരിച്ചിട്ടുള്ളൂ, അദ്ദേഹത്തിന്റെ ആദർശം അമരമാണ്, അതിന് നിത്യസത്യത്തിന്റെ ചൈതന്യമുണ്ട്, ആത്മാർഥതയുടെ തീക്ഷ്ണതയുണ്ട്'' (പ്രബോധനം, 2005, സെപ്ത. 24) എന്നൊക്കെ മദ്ഹ് പാടുമ്പോഴും, പാർട്ടിയുടെ അതിജീവനത്തിന് ആചാര്യനെ അരുക്കിരുത്തുന്ന ക്രൂരതയാണ് ജമാഅത്തെ ഇസ്‌ലാമി ചെയ്തു വരുന്നത്.

ഭൂമിയിൽ അല്ലാഹുവിന്റെ പരമാധികാരം സ്ഥാപിച്ചെടുക്കാനുള്ള യത്നമായി മൗദൂദീ സാഹിബ് ജിഹാദിനെ അവതരിപ്പിക്കുമ്പോൾ, അദ്ദേഹത്തിന്റെ അനുയായികൾക്കെന്തേ അത് തുറന്നു പറയാനും അതിനെ അംഗീകരിക്കുന്നവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹപ്പിക്കാനും കഴിയാതെ പോകുന്നു? അദ്ദേഹത്തിന്റെ ജിഹാദീ സങ്കൽപങ്ങളിലും, അവ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങളിലും ഒരു മുസ്‌ലിമിന് അംഗീകരിക്കാനും പ്രാവർത്തികമാക്കാനും കൊള്ളാത്ത പലതുമുണ്ട് എന്ന കാര്യം അവർക്ക് നന്നായി അറിയുന്നത് കൊണ്ട് തന്നെയാണത്.

> ദുനിയാവിലെ സകല ദർഗകളിലേയും ഔലിയാക്കന്മാരെ വിളിച്ചു തേടി പ്രസംഗം തുടങ്ങാറുള്ള മഅ്ദനി ജമാഅത്തു നേതൃത്വത്തിന് തലവേദനയേ ആയിരുന്നില്ല. എന്നാൽ എൻ.ഡി.എഫിന്റേത് അങ്ങനെയല്ല. അവരുടെ ആദർശം ഇവരുടെയും ആചാര്യന്റെ ആദർശമാണ്. അവരുടെ നേതാക്കൾ സിമിയുടെ റിട്ടയേർഡ് നേതാക്കളാണ്. ഇവർ വായിച്ച പുസ്തകങ്ങൾ തന്നെയാണ് അവരും വായിച്ചിട്ടുള്ളത്. ഇവരുടെ ഷെൽഫുകളിലുള്ള അതേ മൗദൂദീ കൃതികൾ തന്നെയാണ് അവരുടെയും ഷെൽഫുകളിലുള്ളത്.

മൗദൂദീ സാഹിബ് മുസ്‌ലിം ഉമ്മത്തിന് നൽകുന്ന പരമപ്രധാനമായ ആദർശത്തിൽ നിന്നു തുടങ്ങണം അദ്ദേഹത്തിന്റെ ജിഹാദീ പരികല്പനയിലെത്താൻ. അദ്ദേഹം പറഞ്ഞു:

''ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവൊ, ഏതൊന്നിന്റെ നിയമം അനുഷ്ഠാനത്തിലുണ്ടൊ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ച് ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരിക്കുന്നുവൊ അതത്രെ സാക്ഷാൽ ദീൻ. ആകയാൽ ഓരോ ദീനിന്റേയും പ്രകൃതിതന്നെ തേടുന്നത് അതിന് ഭരണം ലഭിക്കണമെന്നാണ്.'' (ഖുതുബാത്ത്: 16 ാം പതിപ്പ്, പേ. 289)

പ്രജായത്ത ദീനിനേയും രാജദീനിനേയും ആംഗ്ലേയദീനിനേയും ഉദാഹരിച്ച് കൊണ്ട് മൗദൂദി സാഹിബ് ഇസ്‌ലാം ദീനിനെ വ്യാഖ്യാനിക്കുന്നത് കാണുക:

''ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവൊഴികെ മറ്റാരുടേയും അടിമകളാകാതിരിക്കുക. ഇതല്ലാതെ ഇസ്‌ലാം മറ്റൊന്നും ഉദ്ദേശിക്കുന്നില്ല. കലർപ്പില്ലാത്ത തനി ദൈവികാധിപത്യം ഇല്ലാതിരിക്കുന്ന കാലത്തോളം ഈ ഉദ്ദേശ്യം പൂർത്തിയാകയില്ലെന്നത് എത്രയും വ്യക്തമാണ്.'' (ഖുതുബാത്ത്: 16 ാം പതിപ്പ്, പേ. 290)

ഭൂമിയിൽ സാക്ഷാൽ ദീനിന്റെ സമ്പൂർണ്ണാധിപത്യമാണ് ഇസ്‌ലാമിന്റെ ലക്ഷ്യമെന്ന് കൂസലെന്യെ പ്രഖ്യാപിക്കുകയും സമൂഹത്തെ പഠിപ്പിക്കുകയും ചെയ്ത മൗദൂദീ സാഹിബ് അതിന്റെ പൂർത്തീകരണത്തിന് നിർദ്ദേശിക്കുന്ന മാർഗം ജിഹാദാണ്. ഈ മാർഗത്തെ മാറ്റനിർത്തിയല്ല അദ്ദേഹത്തിന്റെ ആദർശത്തെ അനുയായികൾ ഉൾക്കൊണ്ടിട്ടുള്ളത്. അഥവാ മൗദൂദിയുടെ ആദർശത്തേയും, അതിന്റെ ലക്ഷ്യപ്രാപ്തിക്ക് അദ്ദേഹം പരിചയപ്പെടുത്തിയ വിധത്തിലുള്ള ജിഹാദിനേയും ഒരു പോലെ സ്വീകരിച്ചവരാണ് ജമാഅത്തെ ഇസ്‌ലാമീ എന്നർഥം.

**ചോദ്യം:** അപ്പോൾ തീവ്രവാദീ സംഘങ്ങളെ എതിർക്കുന്നതിൽ ജമാഅത്തിന് ഇരട്ടത്താപ്പ് നയമുണ്ടെന്നാണൊ?

**ഉത്തരം:** തീയോഡമോക്രസിയിലധിഷ്ഠിതമായ ഇസ്‌ലാമിക ഭരണകൂടനിർമ്മിതിക്ക് ആവേശമേകുന്ന പ്രസ്താവങ്ങൾ അതിശയോക്തി കലർത്തിയും ഉദാഹരണങ്ങൾ നിരത്തിയും മൗദൂദീ സാഹിബ് ഒരുപാട് എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. തീവ്രവാദ നിലപാടുകൾക്ക് പ്രവർത്തനത്തറയൊരുക്കാവുന്ന അത്തരം പ്രസ്താവങ്ങളെ ആധുനിക ജമാഅത്തു നേതൃത്വം ഭയക്കുന്നതു കൊണ്ടുതന്നെ, അവയെ മുഴുവൻ ഉപായം കൊണ്ട് മറച്ചുപിടിക്കാനുള്ള തത്രപ്പാടിലാണ് ഇന്നുള്ളത്. ഈ 'ഉപായപ്രതിരോധ'ത്തിലും ജമാഅത്തുകാർക്ക് ഇരട്ടത്താപ്പു നയമാണുള്ളത്.

എൻ.ഡി.എഫിനേക്കാൾ അല്ലെങ്കിൽ അതിനോളം തീവ്രവാദ നിലപാടുകളുമായി അബ്ദുന്നാസിർ മഅ്ദനിയുടെ ഐ.എസ്.എസ് കേരളക്കരയിൽ ഭീഷണമായി നിലകൊണ്ടപ്പോൾ, ഖറദാവിയേയും ഫൈസൽ മൗലവിയേയും സമീപിച്ച് ഈ പ്രബോധനക്കാർ ഫത്‌വകൾ സംഘടിപ്പിച്ചിട്ടില്ല. എന്തു കൊണ്ടാണത്? അബ്ദുന്നാസിർ മഅ്ദനി ജമാഅത്തുകാരനൊ അതിന്റെ അനുഭാവിയൊ ആയിരുന്നില്ല എന്നതുകൊണ്ടു തന്നെ. കുടിയൊഴിപ്പിക്കപ്പെട്ട സിമിയുടെ പ്രവർത്തകനുമായിരുന്നില്ല അദ്ദേഹം. താൻ പ്രതിനിധാനം ചെയ്യുന്ന ആദർശം മൗദൂദിയുടെ ഖുതുബാത്തിൽ നിന്നോ, ജിഹാദിൽ നിന്നോ ആയിരുന്നില്ല അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചത്. ദുനിയാവിലെ സകല ദർഗകളിലേയും ഔലിയാക്കന്മാരെ വിളിച്ചുതേടി പ്രസംഗം തുടങ്ങാറുള്ള മഅ്ദനി ജമാഅത്തു നേതൃത്വത്തിന് തലവേദനയേ ആയിരുന്നില്ല. എന്നാൽ എൻ.ഡി.എഫിന്റേത് അങ്ങനെയല്ല. അവരുടെ ആദർശം ഇവരുടെയും ആചാര്യന്റെ ആദർശമാണ്. അവരുടെ നേതാക്കൾ സിമിയുടെ റിട്ടയേർഡ് നേതാക്കളാണ്. ഇവർ വായിച്ച പുസ്തകങ്ങൾ തന്നെയാണ് അവരും വായിച്ചിട്ടുള്ളത്. ഇവരുടെ ഷെൽഫുകളിലുള്ള അതേ മൗദൂദീ കൃതികൾ തന്നെയാണ് അവരുടെയും ഷെൽഫുകളിലുമുള്ളത്. ഐ.പി.എച്ചിന്റെ റാക്കിലിരുക്കുന്നത് ശീഈ ചിന്തകനായ അലിശരീഅത്തിയുടെ പുസ്തകങ്ങളാണ്. എൻ. ഡി.എഫിന്റെ കലണ്ടറുകളിലുള്ളത് അതേ അലീ ശരീഅത്തിയുടെ ചിത്രവും. ഒരു വ്യത്യാസം മാത്രം; എൻ.ഡി.എഫുകാർ തങ്ങളുടെ ആചാര്യന്റെ എല്ലാം തുറന്നു പറയുന്നു. ജമാഅത്തുകാരാകട്ടെ പലതും പൂഴ്ത്തിവെക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മേലങ്കിയണിഞ്ഞ് 2016 വരെ ഇന്ത്യയിലുടനീളം സുഗമമായി സഞ്ചരിക്കാനൊരുങ്ങിയിട്ടുള്ള, അല്ലെങ്കിൽ വരാനിരിക്കുന്ന പുതിയ രാഷ്ട്രീയപ്പാർട്ടിയുടെ കുഞ്ഞിക്കാലു കാണാൻ കാത്തുകെട്ടിയിരിക്കുന്ന ജമാഅത്തിന്, അതിന്റെ പാതയിലെ പ്രധാന തടസ്സമായി അനുഭവപ്പെടുന്നത് എൻ.ഡി.എഫു തന്നെയാണ്. അതുകൊണ്ടാണ്, ഐ.എസ്.എസിനെ എതിർക്കാതിരുന്ന ജമാഅത്തും സഖാക്കളും എൻ.ഡി.എഫിന്റെ കാര്യത്തിൽ ഇരട്ടത്താപ്പു കാട്ടുന്നത്.

---

ജനങ്ങളെ ഉദ്ധരിക്കുവാനായി സർവസന്നാഹങ്ങളോടെ എഴുന്നേൽക്കുകയും അല്ലാഹുവിന്റെ അടിമകളുടെ നേതൃത്വവും നിയന്ത്രണവും സ്വയം ഏറ്റെടുക്കാൻ തയ്യാറാവുകയും ചെയ്യുന്ന സംഘങ്ങളെ പേടിക്കുകയും, അവരെക്കാട്ടി അന്യരെ പേടിപ്പിക്കുകയും ചെയ്യുന്നതിനു പകരം അവരോടൊപ്പം അണിചേരുകയും പടനയിക്കുകയുമല്ലെ യഥാർഥത്തിൽ ജമാഅത്തെ ഇസ്‌ലാമി ചെയ്യേണ്ടിയിരുന്നത്? എന്തേ അതിനവർക്ക് ത്രാണിയില്ലാത്തത്?

---

**ചോദ്യം:** മൗദൂദിയൻ സാഹിത്യങ്ങൾ ഏതുനിലക്കാണ് തീവ്രവാദസംഘങ്ങൾക്ക് വളമായിത്തീരുന്നത്?

**ഉത്തരം:** ജമാഅത്തെ ഇസ്‌ലാമിയും, മൗദൂദിയൻ സാഹിത്യങ്ങളും ഭൂമിയിൽ നിലനിൽക്കുന്ന കാലത്തോളം ഇത്തരം തീവ്രവാദസംഘങ്ങൾ കൊഴിഞ്ഞുപോവുകയും പിറവിയെടുക്കുകയും ചെയ്തുകൊണ്ടിരിക്കുമെന്നതാണ് നേര്. മൗദൂദി സാഹിബ് ജിഹാദ് കൊണ്ട് നൽകിയ ആവേശം അത്രമാത്രം തീവ്രമാണ്. താനുദ്ദേശിക്കുന്ന ദൈവികഭരണകൂട നിർമ്മിതിക്ക് അദ്ദേഹം കാണുന്ന സാധുതയും മാർഗനിർദ്ദേശവും ഖുതുബാത്തിൽ നിന്നും വായിക്കുക:

''ഏതൊരു ജനങ്ങൾ അല്ലാഹുവിനെ തങ്ങളുടെ രാജാവെന്ന് വാക്കിലൊ ഭാവനയിലൊ മാത്രമല്ല, പ്രയോഗത്തിൽതന്നെ യഥാർഥ രാജാവെന്ന് സമ്മതിക്കുകയും അല്ലാഹു തന്റെ പ്രവാചകൻ വഴിനൽകിയിരിക്കുന്ന ജീവിതനിയമങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നുവോ, അവരോട് ഇസ്‌ലാം ആവശ്യപ്പെടുന്നത്, തങ്ങളുടെ രാജാവായ അല്ലാഹുവിന്റെ രാജ്യത്ത് അവന്റെ നിയമം നടപ്പിൽ വരുത്തുവാനായി സർവ്വ സന്നദ്ധരായി എഴുന്നേൽക്കണമെന്നും, അല്ലാഹുവിന്റെ പ്രജകളിൽ നിന്ന് (മനുഷ്യരിൽ നിന്ന്) സ്വയം രാജ്യത്തിന്റെ അധിപരായി ചമഞ്ഞ് അല്ലാഹുവിന്റെ രാജദ്രോഹികളായിത്തീർന്നിരിക്കുന്ന ജനങ്ങളെ സാക്ഷാൽ നാഥനോടുള്ള അനുസരണത്തിന്റെ ഋജുമാർഗമവലംബിക്കാൻ ഉദ്ബോധിപ്പിക്കണമെന്നും, എന്നിട്ടും ധിക്കാരമാർഗമുപേക്ഷിക്കാനൊരുക്കമില്ലാത്ത ജനങ്ങളുടെ സകലവിധ അധികാരശക്തികളേയും നിശേഷം നശിപ്പിച്ച് അല്ലാഹുവിന്റെ പ്രജകളെ അവരുടെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കണമെന്നുമാണ്.'' (ഖുതുബാത്, 16ാം പതിപ്പ്, പേ. 281)

ഇന്ത്യൻ സാഹചര്യത്തിൽ ഇസ്‌ലാമിന്റെ ഭാവിയേയും, മുസൽമാന്റെ ജീവിതത്തേയും, ജീവിതാവസ്ഥകളേയും, പ്രതിസന്ധികളേയും, പ്രതിയോഗികളേയും സ്വന്തം വീക്ഷണത്തിൽ പരിഗണനക്കെടുക്കുന്ന ഒരാൾക്ക്, അല്ലെങ്കിൽ ഒരു സംഘത്തിന്, മൗദൂദീ സാഹിബിന്റെ പ്രസ്താവനയിൽ നിന്ന് 'സർവ്വ സന്നദ്ധരായി എഴുന്നേൽക്കാനും', 'ജനങ്ങളുടെ

സകലവിധ അധികാരശക്തികളേയും നിശേഷം നശിപ്പിക്കാനും' ആവേശം കിട്ടുന്നുവെങ്കിൽ ആർക്കാണതിനെ വിമർശിക്കാൻ സാധിക്കുക? അങ്ങനെ അതിനുവേണ്ടി അവർ സംഘടിക്കുന്നുവെങ്കിൽ ഏത് നിലക്കാണതിനെ പ്രതിരോധിക്കുക?!

മൗദൂദീ സാഹിബിനെ വീണ്ടും വായിക്കുക:

''അല്ലാഹുവിനെ അല്ലാഹുവെന്നും അവന്റെ നിയമങ്ങളെ യഥാർഥ നിയമങ്ങളെന്നും സമ്മതിക്കുന്നതിനു മാത്രം ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ യാതൊരു പ്രാധാന്യവുമില്ല. അതു സ്വീകരിക്കുന്നതോടൊപ്പം നിങ്ങൾ എവിടെ ഏതു പരിതസ്ഥിതിയിൽ താമസിക്കുന്നവരാണെങ്കിലും അവിടത്തെ ജനങ്ങളെ ഉദ്ധരിക്കുവാനായി സർവസന്നാഹങ്ങളോടെ എഴുന്നേൽക്കുകയും, ഭരണത്തിന്റെ അബദ്ധമായ അടിസ്ഥാനത്തെ മാറ്റി സുബദ്ധമാക്കിത്തീർക്കാൻ അങ്ങേയററം പരിശ്രമിക്കുകയും, ദൈവഭയമില്ലാത്തവരും അനിയന്ത്രിതരുമായ ജനങ്ങളിൽ നിന്ന് നിയമനിർമ്മാണാധികാരവും വിധികർതൃത്വവും എടുത്തുമാറ്റി, അല്ലാഹുവിന്റെ അടിമകളുടെ നേതൃത്വവും നിയന്ത്രണവും സ്വയം ഏറ്റെടുക്കുകയും, രഹസ്യവും പരസ്യവുമറിയുന്ന അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന ബോധത്തോടെ അവന്റെ നിയമമനുസരിച്ച് ഭരണകാര്യങ്ങൾ നിർവഹിക്കുകയും ചെയ്കയെന്നതു നിങ്ങളുടെ മേൽ സ്വയം നിർബന്ധമായിത്തീരുന്നതാകുന്നു. ഇതേ ലക്ഷ്യ പ്രാപ്തിക്കുള്ള അശ്രാന്തപരിശ്രമത്തിനും ത്യാഗത്തിനുമാണ് ഇസ്‌ലാമിന്റെ ഭാഷയിൽ ജിഹാദ് അഥവാ സമരമെന്ന് പറയുന്നത്.'' (ഖുതുബാത്, 16ാം പതിപ്പ്, പേ. 281)

ആധുനിക ജമാഅത്തു നേതൃത്വം പുസ്തകത്താളിൽ മാത്രം ഒതുങ്ങി നിന്നിരുന്നെങ്കിൽ എന്ന് സംഭവകാലത്ത് ആശിച്ചുപോകുന്ന മൗദൂദിയൻ വീക്ഷണമാണ് മേലെ വായിച്ചത്. ഈ ജിഹാദിനേയാണ് ഡോ. ഖറദാവിയും ഫൈസൽ മൗലവിയും ഫത്‌വയിലൂടെ നിരാകരിച്ചത്. ജനങ്ങളെ ഉദ്ധരിക്കുവാനായി സർവസന്നാഹങ്ങളോടെ എഴുന്നേൽക്കുകയും അല്ലാഹുവിന്റെ അടിമകളുടെ നേതൃത്വവും നിയന്ത്ര ണവും സ്വയം ഏറ്റെടുക്കാൻ തയ്യാറാവുകയും ചെയ്യുന്ന സംഘങ്ങളെ പേടിക്കുകയും, അവരെക്കാട്ടി അന്യരെ പേടിപ്പിക്കുകയും ചെയ്യുന്നതിനു പകരം അവരോടൊപ്പം അണിചേരുകയും പടനയിക്കുകയുമല്ലെ യഥാർഥത്തിൽ ജമാഅത്തെ ഇസ്‌ലാമി ചെയ്യേണ്ടിയിരുന്നത്? എന്തേ അതിനവർക്ക് ത്രാണിയില്ലാത്തത്? അതെ, മൗദൂദീ സാഹിബിന്റെ ജിഹാദീ വീക്ഷണം ഏറെ സങ്കീർണ്ണമാകുകയാണ് ഇവിടെ!!!

**ചോദ്യം:** ഹുകൂമത്തെ ഇലാഹിക്ക് അഥവാ ഇഖാമത്തുദ്ദീനിന് അഥവാ ദൈവിക ഭരണകൂടത്തിന് വേണ്ടിയായിരുന്നുവൊ മൗദൂദീ സാഹിബിന്റെ ജിഹാദ്?

**ഉത്തരം:** ദൈവിക ഭരണകൂട നിർമ്മിതിക്ക് മൗദൂദീ സാഹിബ് മാർഗമായി നിർദ്ദേശിക്കുന്ന ജിഹാദിനെപ്പറ്റി അദ്ദേഹമെഴുതിയ അർഥശങ്കക്കിടയില്ലാത്ത വാചകങ്ങൾ വായിച്ചാൽ അക്കാര്യം നമുക്ക് ബോധ്യപ്പെടും. ഉദാഹരണങ്ങൾ കാണുക:

''ലോക സാമൂഹികഘടനയെ അടിയോടെ നശിപ്പിച്ച് പകരം സ്വന്തം ആദർശങ്ങൾക്കും കർമ്മപദ്ധതികൾക്കും അനുരൂപമായവ പുനഃസംവിധാനിക്കേണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. ഇസ്‌ലാം ഉന്നം വെക്കുന്ന പരിവർത്തനം സുസാധ്യമാക്കുവാൻ വേണ്ടി ഇസ്‌ലാം തന്നെ രൂപം കൊടുക്കുകയും അണിനിരത്തുകയും ചെയ്ത രാഷ്ട്രാന്തരീയ വിപ്ലവസംഘടനയുടെ പേരാണ് മുസ്‌ലിം എന്ന് വ്യക്തമാകുന്നു. അപ്പോൾ ഇസ്‌ലാം ഉന്നം വെക്കുന്ന പ്രസ്തുത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായുള്ള നിരന്തര പ്രയത്നത്തിന്നാണ്, പരിവർത്തനത്തിനുവേണ്ടിയുള്ള പോരാട്ടത്തിനാണ് ജിഹാദ് എന്ന് പറയുക.'' (ജിഹാദ്, അബുൽ അഅ്‌ല മൗദൂദി, ഐ. ഐ.എഫ്.എസ്.ഒ, പേ. 8)

''ഇതല്ലാത്ത ആദർശത്തിലും പദ്ധതിയിലും അധിഷ്ഠിതമായ മുഴുവൻ ഭരണകൂടങ്ങളേയും ഇസ്‌ലാം എതിർക്കുന്നു. അവയെ പൂർണ്ണമായും നശിപ്പിക്കണമെന്ന് അതാഗ്രഹിക്കുന്നു. ഭരണം നടത്തുന്നത് ആരെന്നൊ ഗവൺമെന്റ് ഏതെന്നൊ ഇവിടെ പ്രശ്നമല്ല. ഇസ്‌ലാമിന്റെ ലക്ഷ്യം അതിന്റെ ആദർശത്തിന്റെ ഉന്നമനമാണ്. ദൈവിക വ്യവസ്ഥയുടെ വ്യാപനമാണ്. ഈ ആദർശത്തിന്റെയും പദ്ധതിയുടേയും അടിസ്ഥാനത്തിലുള്ള ഭരണകൂടങ്ങളുടെ സംസ്ഥാപനമാണ്.'' (ജിഹാദ്, മൗദൂദി, ഐ. ഐ. എഫ്. എസ്. ഒ, പേ. 9)

''ഇപ്രകാരം തന്നെ അക്രമത്തിലും അനീതിയിലും അധിഷ്ഠിതമായ വ്യവസ്ഥിതികളെ ആയുധമുപയോഗിച്ച് നശിപ്പിക്കലും നീതിയുടേയും ന്യായത്തിന്റേയും അടിസ്ഥാനത്തിലുള്ള പുതിയ വ്യവസ്ഥിതി സംസ്ഥാപിക്കലും ജിഹാദിന്റെ ഇനങ്ങളിൽപെടുന്നു.'' (ജിഹാദ്, മൗദൂദി, ഐ. ഐ. എഫ്. എസ്. ഒ, പേ. 9, 10)

'അടിയോടെനശിപ്പിക്കുക', 'പൂർണ്ണമായും നശിപ്പിക്കുക', 'ആയുധമുപയോഗിച്ച് നശിപ്പിക്കുക' തുടങ്ങിയ 'ജീഹാദീ ധർമ്മങ്ങൾ' പ്രാവർത്തികമാക്കാൻ മൗദൂദീ സാഹിബ് സ്ഥാപിച്ച പ്രസ്ഥാനത്തിൽ നിലകൊള്ളുകയും അതിന്റെ കുഞ്ചിക സ്ഥാനങ്ങളിൽ അധികാരംവാഴുകയും ചെയ്യുന്ന ജമാഅത്തുകാർക്ക് നട്ടെല്ലില്ലെന്ന് കണ്ട്, ഏതെങ്കിലും ചെറിയ സംഘങ്ങളൊ, വലിയ സംഘങ്ങളൊ അതിനിറങ്ങിപ്പുറപ്പെട്ടാൽ, തങ്ങളുടെ **'ഭീരുത്വത്തെ മാനി'**ച്ചെങ്കിലും ജമാഅത്തുകാർ അടങ്ങിയിരിക്കുകയല്ലെ വേണ്ടത്? ഖുതുബാത്തിലേയും ജിഹാദിലേയും ആശയങ്ങൾ ജമാഅത്തുകാരുടെ ബുദ്ധികൊണ്ടു മാത്രമേ ചിന്തിക്കാവൂ എന്നും അവരുടെ നാവുകൊണ്ടു മാത്രമേ

''സ്റ്റേജിൽ കയറി പ്രവാചകശിഷ്യന്മാർ സഹിച്ച അതികഠിനമായ പീഡനങ്ങളെ വാചാലമായി വിവരിക്കുകയും, 'ആഗ് ഹെ, നംറൂദ് ഹെ, ഔലാദേ ഇബ്റാഹീം ഹെ...' (തീയുണ്ട്, നംറൂദുണ്ട്, ഇബ്റാഹീമിന്റെ മക്കളുണ്ട് പക്ഷെ, ആർക്കും ആരേയും പരീക്ഷിക്കുക ലക്ഷ്യമല്ല) എന്നും മറ്റും ഇഖ്ബാൽ കവിതകൾ ഉദ്ധരിച്ചു പ്രസംഗിക്കുകയുമല്ലാതെ ഇസ്‌ലാമിക മാർഗത്തിൽ ഒരു മുള്ളുതറക്കുന്നത് പോലും സഹിക്കാൻ ജമാഅത്തു നേതാക്കളിൽ പലരും തയ്യാറല്ലെന്ന് പലതുകൊണ്ടും ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നേരിട്ടുള്ള അനുഭവമാണ് അത്തരം ഒരു നിഗമനത്തിൽ എന്നെ എത്തിച്ചത്.'' (താഴെ ചൊവ്വയും ചൊവ്വാഗോളവും/ഒ. അബ്ദുല്ല)

പ്രഖ്യാപിക്കാവൂ എന്നും തങ്ങളുടെ ആഹ്വാനമനുസരിച്ചേ പ്രവര്‍ത്തിക്കാവൂ എന്നും നിയമമില്ലാത്തതിനാല്‍ പ്രത്യേകിച്ചും?

ഇവിടെ പ്രാധാന്യപൂര്‍വം ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ട്. ഭൂമിയില്‍ സ്ഥാപിക്കപ്പെടേണ്ട ഹുകൂമത്തെ ഇലാഹിക്ക് ഓരോ മുസ്‌ലിമും നടത്തുന്ന അല്ലെങ്കില്‍ നടത്തേണ്ട അശ്രാന്ത പരിശ്രമത്തിനും ത്യാഗത്തിനുമാണ് ജിഹാദ് എന്ന് മൗദൂദി സാഹിബ് വിശദീകരിക്കുമ്പോള്‍ ഒരു ഇമാമിന്റെ സാന്നിധ്യവും അദ്ദേഹം നിബന്ധനയായി വെക്കുന്നില്ല. എന്നാല്‍ ഖറദാവിയുടേയും ഫൈസല്‍ മൗലവിയുടേയും ഫത്‌വകളില്‍ നാം വായിക്കുന്നത്, ഇസ്‌ലാമിലെ ജിഹാദ് ഒരു ഇമാമിന്റെ നേതൃത്വത്തിലാണ് നടത്തേണ്ടത് എന്ന നിബന്ധനക്ക് വിധേയമാണ് എന്നത്രെ. ഇമാം എന്നത് കൊണ്ട് അവര്‍ രണ്ടു പേരും ഉദ്ദേശിച്ചത് ഭരണാധികാരി എന്നു തന്നെയായിരിക്കണം. 'ഭരണസംസ്ഥാപനമെന്ന ലക്ഷ്യ' ത്തിനുള്ള അശ്രാന്തപരിശ്രമമാണ് ജിഹാദെന്ന് മൗദൂദി! 'സ്ഥാപിക്കപ്പെട്ട ഭരണകൂട'ത്തിന്റെ സാരഥിയുടെ നേതൃത്വ ത്തില്‍ നടക്കേണ്ടതാണ് ജിഹാദെന്ന് പ്രബോധനത്തിലെ ഫത്‌വകള്‍!! എവിടെയൊക്കെയോ ചില തകരാറുകള്‍ കാണുന്നില്ലെ? തീര്‍ച്ചയായും ഉണ്ട്.

**ചോദ്യം:** തങ്ങളുടെ സാഹിത്യങ്ങളിലുള്ളതിന് വിരുദ്ധമായി ജമാഅത്ത് പ്രകടിപ്പിക്കുന്ന ഈ കളികളെ എങ്ങനെ നോക്കിക്കാണുന്നു?

**ഉത്തരം:** വിഷന്‍ 2016, പുതിയ രാഷ്ട്രീയപ്പാര്‍ട്ടിയുടെ രൂപീകരണം തുടങ്ങിയ തൊഴിലുകള്‍ക്കിറങ്ങുമ്പോള്‍ നേരിടാവുന്ന പ്രതിബന്ധങ്ങളെ ഒരു മുഴം മുമ്പെറിഞ്ഞ് തകര്‍ക്കാമെന്ന് ജമാഅത്തിന്റെ ഇമാറത്ത് കരുതുന്നതിന്റെ ഭാഗമാണ് ഇതൊക്കെ. എന്നാല്‍ പ്രബുദ്ധജനതയുടെ മുന്നില്‍ തെരുവുനാടകം കളിക്കുന്നതിന് തുല്യമാണ് ഈ കളികള്‍.

**ചോദ്യം:** മൗദൂദീ സാഹിബ് ഇസ്‌ലാമിലെ ആരാധനാ കര്‍മ്മങ്ങള്‍ക്ക് രാഷ്ട്രീയ വിശദീകരണം നല്‍കിയതായി കേട്ടിട്ടുണ്ട്. എന്താണ് വസ്തുത?

**ഉത്തരം:** 'ഭരണകൂടം മൗദൂദിയെ ത്രസിപ്പിച്ചിരുന്നു' എന്ന് പാര്‍ട്ടീ പത്രമായ പ്രബോധനത്തില്‍, അദ്ദേഹത്തെ വിലയിരുത്തിക്കൊണ്ട് ലേഖനം വന്നിട്ടുണ്ട്. അതു കൊണ്ട്തന്നെ, ഇസ്‌ലാമിലെ സാങ്കേതിക ശബ്ദങ്ങളെയും ആരാധനാമുറകളേയും ഹുകൂമത്തെ ഇലാഹിയുടെ താത്പര്യത്തിനനുസരിച്ച് രാഷ്ട്രീയമായി വിശദീകരിക്കാന്‍ അദ്ദേഹത്തെ ധൃഷ്ടനാക്കിയിട്ടുമുണ്ട്. ഭരണകൂടങ്ങള്‍ പട്ടാളം, പോലീസ്, സിവില്‍ സര്‍വീസ് വകുപ്പുകളിലേക്ക് തെരഞ്ഞെടുക്കാനുദ്ദേശിക്കുന്ന ജനങ്ങള്‍ക്ക് നല്‍കാറുള്ള പ്രത്യേക പരിശീലനം പോലെ, ഇസ്‌ലാമും അതിന്റെ നാനാവിധ ഉദ്യോഗങ്ങളില്‍ നിയമിക്കാനുദ്ദേശിക്കുന്ന ജനങ്ങള്‍ക്ക് നല്‍കുന്ന് പ്രത്യേക പരിശീലനമാണ് നമസ്‌കാരം, നോമ്പ്, ഹജ്ജ് എന്നീ ആരാധനാ കര്‍മ്മങ്ങള്‍ എന്ന് വിശദീകരിച്ചതിന് ശേഷം മൗദൂദി സാഹിബ് പറയുന്നു:

''ഇസ്‌ലാം അതിന്റെ ആളുകളെ ഇപ്രകാരം സന്നദ്ധരാക്കിയ ശേഷം അവരോട് പറയുന്നു: ഇതാ ഇപ്പോള്‍ നിങ്ങള്‍ ഭൂമുഖത്ത് അല്ലാഹുവിന്റെ സര്‍വോപരി ഉത്തമന്മാരായ അടിമകളായിത്തീര്‍ന്നിരിക്കുന്നു. അത് കൊണ്ട് ഇനി മുമ്പോട്ടു കടന്ന്, അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ ഭൂമിയില്‍ രാജദ്രോഹികളായി വര്‍ത്തിക്കുകയും ചെയ്യുന്നവരുടെ കൈകള്‍ പിടിച്ചു നിര്‍ത്തുകുയും അല്ലാഹുവിന്റെ പ്രാതിനിധ്യമാകുന്ന അധികാരം സ്വയം കയ്യേല്‍ക്കുകയും ചെയ്യുക എന്ന്.'' (ഖുതുബാത്ത്, 16ാം പതിപ്പ്, പേ. 283)

കഴിഞ്ഞ അറുപത് വര്‍ഷത്തിലധികമായി നമസ്‌കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങി പ്രത്യേക പരിശീലനങ്ങളില്‍ കഴിഞ്ഞുകൂടുന്ന ജമാഅത്തിന്റെ അംഗങ്ങള്‍ക്ക് ഇതിനകം 'മുന്നോട്ടു കടന്നുവരാനും', 'രാജദ്രോഹികളുടെ കൈപിടിച്ചു നിര്‍ത്താനും', 'അല്ലാഹുവിന്റെ പ്രാതിനിധ്യം സ്വയം കയ്യേല്‍ക്കാനും' സാധ്യമായിട്ടുണ്ടൊ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. സാധ്യമായിട്ടില്ലെങ്കില്‍, മേല്‍പറയപ്പെട്ട 'പ്രത്യേകം പരിശീലനങ്ങള്‍' കൊണ്ട് പ്രാവീണ്യം സിദ്ധിച്ച മറ്റുവല്ലവരും അതിനുവേണ്ടി നടത്തുന്ന ശ്രമങ്ങളെ പ്രോത്സാഹിപ്പി ക്കുകയാണ്, മൗദൂദീ സാഹിബിനോട് കൂറും ബഹുമാനവുമുള്ള ജമാഅത്തുകാര്‍ ചെയ്യേണ്ടത്.

> 'അടിയോടെനശിപ്പിക്കുക', 'പൂര്‍ണ്ണ മായും നശിപ്പിക്കുക', 'ആയുധമുപയോ ഗിച്ച് നശിപ്പിക്കുക' തുടങ്ങിയ 'ജിഹാദീ ധര്‍മ്മങ്ങള്‍' പ്രാവര്‍ത്തികമാക്കാന്‍ മൗദൂ ദീ സാഹിബ് സ്ഥാപിച്ച പ്രസ്ഥാനത്തില്‍ നിലകൊള്ളുകയും അതിന്റെ കുഞ്ചിക സ്ഥാനങ്ങളില്‍ അധികാരംവാഴുകയും ചെയ്യുന്ന ജമാഅത്തുകാര്‍ക്ക് നട്ടെല്ലില്ലെ ന്ന്കണ്ട്, ഏതെങ്കിലും ചെറിയ സംഘങ്ങ ളൊ, വലിയ സംഘങ്ങളൊ അതിനിറങ്ങി പ്പുറപ്പെട്ടാല്‍, തങ്ങളുടെ 'ഭീരുത്വത്തെ മാനി'ച്ചെങ്കിലും ജമാഅത്തുകാര്‍ അടങ്ങി യിരിക്കുകയല്ലെ വേണ്ടത്?

**ചോദ്യം:** മൗദൂദീ സാഹിബിന്റെ ആദര്‍ശങ്ങളുമായി ഇക്കാല മത്രയും പ്രവര്‍ത്തിച്ചിട്ടും ജമാഅത്തെ ഇസ്‌ലാമിക്ക് അതിന്റെ ലക്ഷ്യത്തിലെത്താനായിട്ടില്ലെന്നാണൊ?

**ഉത്തരം:** മൗദൂദീ സാഹിബിന്റെ വിഭാവനയും കൈമുതലാക്കി ഇസ്‌ലാമിക ഭരണകൂട സംസ്ഥാപനത്തിന് വേണ്ടി ഇക്കാല മത്രയും എഴുതിയിട്ടും പ്രവര്‍ത്തിച്ചിട്ടും സാങ്കല്‍പികവീട്ടിന്റെ കോലായയില്‍ത്തന്നെ വിശ്രമിക്കാനാണ് ജമാഅത്തുകാര്‍ വിധി ക്കപ്പെട്ടിട്ടുള്ളത്. ''അതിനാല്‍ ഈ ദീന്‍ സത്യമാണെന്ന് യഥാര്‍ഥ ത്തില്‍ നിങ്ങള്‍ കരുതുന്നുവെങ്കില്‍ സര്‍വശക്തിയും ഉപയോഗിച്ച് അതിനെ ഭൂമുഖത്ത് സുസ്ഥാപിതമാക്കുകയൊ, അല്ലാത്തപക്ഷം അതേ പരിശ്രമത്തില്‍ ജീവന്‍ ബലിയര്‍പ്പിക്കുകയൊ അല്ലാതെ നിങ്ങള്‍ക്ക് ഗത്യന്തരമില്ല. ഇതേ ഉരകല്ലിന്മേലത്രെ നിങ്ങളുടെ വിശ്വാസാദര്‍ശങ്ങളെ മാറ്റുരച്ചു നോക്കുന്നത്. നിങ്ങളുടെ ആദര്‍ശം സത്യമാണെങ്കില്‍ മറ്റൊരു ദീനില്‍ നിന്ന്കൊണ്ട് നിങ്ങള്‍ക്ക് സുഖനിദ്രപോലും വരികയില്ല. എന്നിട്ടല്ലെ, നിങ്ങള്‍ ഇതര ദീനുകള്‍ക്ക് സേവനം ചെയ്യുകയും ആ സേവനത്താല്‍ ലഭ്യമാകുന്ന ആഹാരം സന്തോഷത്തോടെ ഭക്ഷിക്കുകയും സസുഖം കാല്‍നീട്ടി ഉറങ്ങുകയും ചെയ്യുന്നത്!'' (ഖുതുബാത്ത്, 16ാം പതിപ്പ്, പേ. 292) എന്ന മൗദൂദീ സാഹിബിന്റെ കണിശമായ വാക്കുകള്‍ ജമാഅത്തുകാരില്‍ തരിമ്പും സ്വാധീനം ചെലുത്തിയിട്ടില്ല.

**ചോദ്യം:** മൗദൂദീ ഗ്രന്ഥങ്ങൾ തീവ്രവാദം പഠിപ്പിക്കുന്നുണ്ടെങ്കിൽ അവ നിത്യേന പാരായണം ചെയ്യുന്ന ഞങ്ങളല്ലെ ആദ്യം തീവ്രവാദികളാകേണ്ടത്. ഞങ്ങളിലെ ഒരാളും അത്തരം സംഘങ്ങളിലില്ലല്ലൊ? എന്നൊരു ചോദ്യം ജമാഅത്തെ ഇസ്‌ലാമി ഉന്നയിക്കാറുണ്ട്. എന്തു പറയുന്നു?

**ഉത്തരം:** എതൊരു ആദർശവും ഉൾക്കൊള്ളുന്നതോടൊപ്പം പ്രവൃത്തിപഥത്തിൽ കൊണ്ടുവരപ്പെടുകയും വേണം. ജമാഅത്തെ ഇസ്‌ലാമീ പ്രതിനിധാനം ചെയ്യുന്ന ആദർശം മൗദൂദിയുടേതാണെങ്കിൽ, അതെന്താണെന്ന് നാം മേലെ വായിച്ചു കഴിഞ്ഞു. ആ ആദർശത്തെ ആണത്തത്തോടെ നടപ്പിലാക്കാൻ കഴിയാതെ വരുമ്പോൾ ഇത്തരം വരട്ടു ചോദ്യങ്ങൾ മാത്രമേ ജമാഅത്തിന്റെ മുന്നിൽ അവശേഷിക്കുന്നുള്ളൂ. ആ ചോദ്യങ്ങൾക്കുള്ള ഉത്തരം നാം പറയുന്നതിനേക്കാൾ, ജമാഅത്തെ ഇസ്‌ലാമിയുടെ ചൂരും ചൂടുമറിയുന്ന ഒ. അബ്ദുല്ല സാഹിബ് പറയുന്നതാണ് നല്ലത്. അത് വായിക്കുക:

''സ്റ്റേജിൽ കയറി പ്രവാചകശിഷ്യന്മാർ സഹിച്ച അതികഠിനമായ പീഡനങ്ങളെ വാചാലമായി വിവരിക്കുകയും, 'ആഗ് ഹെ, നംറൂദ് ഹെ, ഔലാദേ ഇബ്റാഹീം ഹെ...' (തീയുണ്ട്, നംറൂദുണ്ട്, ഇബ്റാഹീമിന്റെ മക്കളുണ്ട് പക്ഷെ, ആർക്കും ആരേയും പരീക്ഷിക്കുക ലക്ഷ്യമല്ല) എന്നും മറ്റും ഇഖ്ബാൽ കവിതകൾ ഉദ്ധരിച്ചു പ്രസംഗിക്കുകയുമല്ലാതെ ഇസ്‌ലാമിക മാർഗത്തിൽ ഒരു മുള്ളുതറക്കുന്നത് പോലും സഹിക്കാൻ ജമാഅത്തു നേതാക്കളിൽ പലരും തയ്യാറല്ലെന്ന് പലതുകൊണ്ടും ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നേരിട്ടുള്ള അനുഭവമാണ് അത്തരം ഒരു നിഗമനത്തിൽ എന്നെ എത്തിച്ചത്.'' (താഴെ ചൊവ്വയും ചൊവ്വാഗോളവും/ഒ. അബ്ദുല്ല)

അപ്പോൾ ഒരു മുള്ളു തറക്കുന്നത് പോലും സഹിക്കാൻ കഴിയാത്ത ഒരു വിഭാഗത്തിൽ നിന്ന് മൗദൂദീ സാഹിബിന്റെ കണിശമായ ആദർശം നടപ്പിൽ വരുത്തുന്ന ആളുകൾ എങ്ങനെയുണ്ടാകാനാണ്?! ഖുർആനിക പാഠങ്ങളുടേയും പ്രവാചകാധ്യാപനങ്ങളുടേയും വെളിച്ചത്തിൽ കാര്യങ്ങളെ നോക്കിക്കണ്ട്, വിശുദ്ധ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വിപത്തുണ്ടാക്കുന്ന സകല ആശയങ്ങളേയും പ്രവണതകളേയും അപലപിക്കാൻ ജമാഅത്തു നേതൃത്വം തയ്യാറാവുകയാണ് വേണ്ടത്. അതാണ് ആർജ്ജവം. അപലപിക്കപ്പെടേണ്ട ആശയങ്ങളിലും നിർദ്ദേശങ്ങളിലും മൗദൂദീ സാഹിബിന്റേതുമുണ്ടാകാം. അവയേതൊക്കെയെന്ന് പൊതുജനസമക്ഷം തുറന്നു പറഞ്ഞ് മാപ്പിരക്കുക. അദ്ദേഹത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളുടെ നിഴൽപോലും ആധുനിക ജമാഅത്തിന്റെ പ്രോഗ്രാം പോളിസികളിൽ ഇല്ലെന്നിരിക്കെ അവയെ വിമർശിക്കാൻ അവർക്ക് പ്രയാസമുണ്ടാകാനാടയില്ല. വിളംബരം ചെയ്യാൻ ഒരു ആദർശം ജമാഅത്തിനുണ്ടെങ്കിൽ അതാണ് നല്ലത്.